യുന്ന ചുവന്ന അരിയാണ് ഇവ ഉൽപ്പാദിപ്പിക്കുന്നത്. വളരെ സ്വാദുള്ള നല്ല യിനം അരിയാണ്. അവയുടെ വിത്തും കൊള്ളാം, അതിന്റെ ഉൽപ്പാദനക്ഷമ തയും വളരെ നല്ലനിലയിലുള്ളതാണ്. അതുകൊണ്ട് അത്തരത്തിൽ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ വികസിപ്പിച്ചെടുക്കുന്നതിൽ വളരെ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. അപ്പോൾ കൂടുതൽ ഉൽപ്പാദനക്ഷമത യുള്ള പുതിയയിനം നെൽവിത്തുകൾ വികസിപ്പിച്ചെടുത്ത് നമ്മുടെ കർഷ കർക്ക് കൊടുക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ കാർഷിക സർവ കലാശാല വളരെ ശക്തമായിട്ട് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മുൻപത്തെ സ്ഥിതി നേരത്തേ ചന്ദ്രേട്ടൻ പറഞ്ഞതുപോലെ തന്നെയായിരുന്നിരിക്കാം. അതു കൊണ്ട്, അത്യുൽപ്പാദനശേഷിയുള്ള പുതിയയിനം നെൽവിത്തുകൾ വികസി പ്പിച്ചെടുത്ത് നമ്മുടെ കർഷകർക്ക് കൊടുക്കുകതന്നെ ചെയ്യും. അക്കാര്യ ത്തിൽ യാതൊരുവിധ ആശങ്കയും വേണ്ട. ഇവിടെ അമേരിക്കയിൽനിന്നും വരുന്ന നെൽവിത്തുകൾ നമ്മുടെ പരമ്പരാഗത വിത്തുകൾക്ക് ദോഷം ചെയ്യു മെങ്കിൽ അതിനെ നിരോധിക്കുകയല്ലാതെ വേറെ വഴിയൊന്നുമില്ല. ഇതാണ് എനിയ്ക്ക് അന്തകൻ വിത്തിന്റെ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

2 (*256) വനങ്ങളുടെ സർവ്വേ കുറ്റമറ്റതാക്കാൻ നടപടി

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേ കുറ്റമറ്റതായി നടത്തു വാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ;

(ബി) വനങ്ങളുടെ സർവ്വേയ്ക്ക്വേണ്ടി നിയോഗിച്ചിട്ടുള്ള സർവ്വേ ഉദ്യോഗസ്ഥൻമാർ വനഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകി സർവ്വേയിൽ കൃത്രിമം കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ;

(ഡി) 1971-ലെ സ്വകാര്യ വനദേശവൽക്കരണത്തെത്തുടർന്ന് സർക്കാ രിൽ നിക്ഷിപ്തമായ വനഭൂമി പിന്നീട് സർവ്വേ ചെയ്തപ്പോൾ സ്വകാര്യ വ്യക്തികൾക്ക് കൈക്കൂലി വാങ്ങിക്കൊണ്ട് വിട്ടുകൊടുത്തതായി അറിവുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരമുള്ള സർവ്വേ ഉദ്യോഗസ്ഥരുടെ അവിഹിത സമ്പാദ്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേ കുറ്റമറ്റതായി നടത്തുന്ന തിന് സർവ്വേ വകുപ്പിലെ ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതു കൊണ്ട് തിരുവനന്തപുരം കേന്ദ്രമാക്കി സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ ഒരു മിനിഫോറസ്റ്റ് സർവ്വേ ടീം പ്രവർത്തിച്ചുവരുന്നു. സർവ്വേ ടീം സർവ്വേ ചെയ്ത് അതിരുതിരിച്ച് വനഭൂമിയുടെ അതിർത്തികളിൽ ജണ്ട നിർമ്മിച്ചും സർവ്വേക്കല്ല് സ്ഥാപിച്ചും അതിർത്തികൾ സംരക്ഷിച്ചുവരുന്നു.

(ബി) ഒരു കേസ്സ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സംസ്ഥാനത്ത് വനഭൂമി എത്ര ഹെക്ടർ ഉണ്ടെന്ന് വ്യക്തമാക്കുമോ? വർഷംതോറും കേരളത്തിൽ വനഭൂമി ഗണ്യമായി കുറഞ്ഞുവരുന്നതിനുള്ള കാരണം എന്താണെന്ന് പറയുമോ?

<u>ഡോ. എ. നീലലോഹിതദാസൻ നാടാർ</u> : വനഭൂമി എത്ര ഹെക്ടർ ഉണ്ടെന്നുള്ളതിന് പ്രത്യേക ചോദ്യം വേണം. പ്രത്യേക നോട്ടീസ് വേണം. വനഭൂമി കുറഞ്ഞുവരുന്നതായി ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : സർവ്വേ ഉദ്യോഗസ്ഥൻമാർ വനഭൂമി സ്വകാര്യവ്യക്തികൾക്കുനൽകി കൃത്രിമം കാട്ടിയതായി ഒരു കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും കൈക്കൂലിക്കേസ് ഉണ്ടായിട്ടില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി മറുപടിയായിട്ട് പറയുകയുണ്ടായി. വനംവകുപ്പു ഉദ്യോഗസ്ഥൻമാരുടെ കൃത്രിമങ്ങളും അഴിമതികളും കണ്ടുപിടിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള സംവിധാനം എന്താണെന്ന് പറയുമോ?

<u>ഡോ. എ. നീലലോഹിതദാസൻ നാടാർ</u> : വനംവകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ക്രമക്കേടുകളും അഴിമതിയും കണ്ടുപിടിക്കാൻ ഫോറസ്റ്റ് വിജിലൻസ് വകുപ്പ്തന്നെ പ്രവർത്തിക്കുന്നുണ്ട്. അതിൽക്കൂടുതൽ ഒരന്വേഷണം ആവശ്യമുണ്ടെങ്കിൽ സർക്കാരിന്റെ പൊതുവായിട്ടുള്ള വിജിലൻസ് വിഭാഗം തന്നെ അന്വേഷണം നടത്തുന്നതാണ്. അതിനുള്ള സംവിധാനം നിലവിലുണ്ട്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേ കുറ്റമറ്റതാക്കി നടത്തുന്നതിനായി സർവ്വേ വകുപ്പിലെ ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചുകൊണ്ട് ഒരു മിനി ഫോറസ്റ്റ് സർവ്വേ ടീം പ്രവർത്തിച്ചുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. വനങ്ങളുടെ സർവ്വേ എന്നു തുടങ്ങിയെന്നും എത്രത്തോളമായിഎന്നും എന്നു പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ഡോ. എ. നീലലോഹിതദാസൻ നാടാർ</u> : വനങ്ങളുടെ സർവ്വേ നേരത്തെ ഒരിക്കൽ നടക്കുകയുണ്ടായി. അത് അപ്പോൾ പൂർത്തിയാക്കിയതാണ്. അതുകഴിഞ്ഞ് പിന്നീട് വനഭൂമിയിൽ പല മാറ്റങ്ങൾ വന്നിട്ടുണ്ട്. വനഭൂമിതന്നെ, പ്രത്യേകിച്ച് നിക്ഷിപ്ത വനഭൂമി, സ്വകാര്യ വ്യക്തികൾക്ക് കൊടുക്കേണ്ടതായിട്ട് കോടതി വിധിയുടെ അടിസ്ഥാനത്തിൽ വന്നിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ട്രൈബൽ സെറ്റിൽമെന്റിന് കൊടുത്തിട്ടുണ്ട്. അങ്ങനെ വനഭൂമിയുടെ ഘടനയിൽത്തന്നെ കൊല്ലങ്ങളോളമായി പല മാറ്റങ്ങളും വന്നിട്ടുണ്ട്. ആ മാറ്റങ്ങൾക്കനുസരിച്ച് വീണ്ടും സർവ്വേ ചെയ്ത് തിട്ടപ്പെടുത്തുന്നതിനുള്ള ശ്രമമാണ് നടന്നുവരുന്നത്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർവ്വേ എന്നുതുടങ്ങിയെന്നകാര്യം പറഞ്ഞില്ല. പക്ഷെ ആ കൂട്ടത്തിൽ ഒരു കാര്യം പറഞ്ഞു. സ്വകാര്യ വനഭൂമി

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് തർക്കം. ഫോറസ്റ്റ് ട്രൈബ്യൂണൽ ചെറുകിട കൈവശക്കാർക്ക് വിട്ടുകൊടുത്ത ഭൂമി യഥാസമയം സർവ്വേ ചെയ്ത് കൈവശക്കാർക്ക് നൽകാൻ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ. അതിന് ചില കാലതാമസം ഉണ്ടാകാറുണ്ട്. ഇപ്പോഴുള്ള സർവ്വേ യൂണിറ്റ് അപര്യാപ്തമാണ്. അത് കുറെക്കൂടി സ്ട്രെങ്തെൻ ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

ശ്രീ. പി. വിശ്വൻ : നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ ഇപ്പോൾ ഞങ്ങൾ അഷ്വറൻസ് കമ്മിറ്റി ഈയിടെ പാലക്കാട് ജില്ലയിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ചു. മണ്ണാർക്കാട് മേഖലയിൽ നമ്മുടെ വനപ്രദേശവുമായി ബന്ധപ്പെട്ട മേഖലയിൽ പോയി. യഥാർത്ഥത്തിൽ പല സ്ഥലത്തും പോകാൻതന്നെ കഴിയുകയില്ല. ഡബിൾ വീരപ്പൻമാർ, വനം കൊള്ളക്കാർ നമ്മുടെ വനത്തിൽ ട്രസ്പാസ് ചെയ്തുകൊണ്ടിരിക്കുകയാണ്. തമിഴ്നാടിന്റെ കൈയിൽതന്നെ മണ്ണാർക്കാട് മേഖലയിലുള്ള വനഭൂമിയുണ്ടെന്നുള്ളതിനെക്കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ഗൗരവമായിട്ടെടുത്ത് ഈ വിഷയം കൈകാര്യം ചെയ്യാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഇങ്ങനെ ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ വനംവകുപ്പിന്റെ ഇതു സംബന്ധിച്ച അഭിപ്രായം, വളരെ വ്യക്തമായി അതിർത്തിരേഖകൾ തിരിച്ചിട്ടുണ്ട്, അങ്ങനെ സംസ്ഥാനങ്ങൾ തമ്മിൽ തർക്കം നിലവിലില്ല, എന്നാണ്. എന്നാലും ഒന്നുകൂടി ഇത് പരിശോധിക്കുന്നതാണ്.

ശ്രീ. പി. വിശ്വൻ : 1971-ന്ശേഷം നമ്മുടെ വനഭൂമി കൈയ്യേറിയിട്ടുണ്ടോ? ചെറുതും വലുതുമായ കൃഷിക്കാർ ഇത് ഉപയോഗപ്പെടുത്തുന്നുണ്ട്. വീട് വച്ചിട്ടുണ്ട്, കൃഷിയിടം എടുത്തിട്ടുണ്ട്-ആയിരക്കണക്കിന് ഏക്കറുണ്ട്. ഈ നിയമസഭയിൽതന്നെ പഴയ ചോദ്യത്തിന് ഉത്തരം നൽകിയപ്പോൾ അതൊക്കെത്തന്നെ സഭയിൽ അഷ്വറൻസ് കൊടുത്തിട്ടുണ്ട്, കൈയ്യേറിയ ഭൂമി തിരിച്ചെടുക്കാൻ ശ്രമിക്കുമെന്ന്. എന്നാൽ 71-ന് ശേഷം കൈയ്യേറിയ എത്ര ശതമാനം ഗവൺമെന്റിന് തിരിച്ചെടുക്കാൻ കഴിഞ്ഞു? ബാക്കിയുള്ളത് തരിച്ചെടുക്കാൻ കഴിയുകയില്ലെങ്കിൽ ശാസ്ത്രീയമായി ഒരു തീരുമാനം എടുത്തുകൊണ്ട് ഈ പ്രശ്നം പൂർണ്ണതയിൽ എത്തിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : എത്ര ശതമാനം തിരിച്ചെടുത്തുവെന്നുള്ളതു സംബന്ധിച്ച് ഇപ്പോൾ വിശദാംശങ്ങൾ എന്റെ പക്കലില്ല. അത് പരിശോധിച്ച് അറിയിക്കുന്നതാണ്. പിന്നെ, ശാസ്ത്രീയമായ തീരുമാനമെടുത്തുകൊണ്ട് മാത്രം പോര ശാസ്ത്രീയമായി നടപ്പിലാക്കുകയും വേണം; നടപ്പിലാക്കാനുള്ള ശ്രമമാണ് ഉള്ളത്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, നിക്ഷിപ്ത വനഭൂമികൾ കയ്യേറുന്നതു സംബന്ധിച്ച് വടക്കേമലബാറിൽ പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ-കാസർഗോഡ് ജില്ല മുൻപ് നമുക്കറിയാം, കേരളത്തിലായിരുന്നില്ല, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു, അവിടെയുള്ള പ്രശ്നം - കയ്യേറുന്നതിൽ രണ്ടു വനഭൂമി കയ്യടക്കി വയ്ക്കുന്നുണ്ട്. അത്തരം വൻകിടക്കാർ തലങ്ങളു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെന്നാണ് എനിയ്ക്കു തോന്നുന്നത്. അതിലൊന്ന്, വൻകിടക്കാർ; കയ്യടക്കി വയ്ക്കുന്നതിനോട് പൊതുവിൽ വനംവകുപ്പ് സൗമ്യമായ സമീപനമാണ് സ്വീകരിക്കുന്നത്. വർഷങ്ങളായി അവർ കേസ് നടത്തി ഒടുവിൽ അവർക്കു തന്നെ ലഭിക്കാൻ കഴിയുന്ന സ്ഥിതി പല സ്ഥലത്തുമുണ്ട്. എന്നാൽ അതേ അവസരത്തിൽ ഒന്നും രണ്ടും ഏക്കർ ഭൂമി മാത്രം കൈവശമുള്ള ചെറുകിട ക്കാരായ കൃഷിക്കാർ വനഭൂമി കയ്യേറി എന്നുപറഞ്ഞുകൊണ്ട് വളരെ കർശന മായ നടപടികളാണ് വനംവകുപ്പ് സ്വീകരിക്കുന്നത്. അതുകൊണ്ട് വൻകിട ക്കാർക്കെതിരായി കർശനമായ നടപടി സ്വീകരിക്കാനും ചെറുകിട കൈവശ ക്കാർക്ക് അനുഭാവപൂർവ്വമായ ഒരു സമീപനം സ്വീകരിക്കാനും വനംവകുപ്പ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ വൻകിടക്കാരും ചെറുകിടക്കാരും കുടിയേറിയി ട്ടുണ്ട്. വൻകിടക്കാർക്കെതിരായി നടപടി സ്വീകരിക്കുമ്പോഴും ചെറുകിടക്കാരെ മുൻപിൽ അണിനിരത്തിക്കൊണ്ട് ഒരു പത്മവ്യൂഹം സൃഷ്ടിച്ച് ഈ നടപടി കൾ തടസ്സപ്പെടുത്താനുള്ള ശ്രമമാണ് കാലാകാലങ്ങളിലുണ്ടായിക്കൊണ്ടിരി ക്കുന്നത്.

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : അതു തന്നെയാണ് ഞാൻ സൂചിപ്പി ച്ചത്. കാരണം റവന്യൂ ഭൂമിയും ഫോറസ്റ്റ് ഭൂമിയും വേർതിരിക്കാൻ-അതും പ്രശ്നമാണ്. അതിന്റെ റീസർവേ നടത്താനും ഇത് കൃത്യമായി വേർതിരിച്ച് (വൻകിടക്കാരുടെ പിറകിൽനിന്നുകൊണ്ട് ചെറുകിടക്കാരെ അണിനിരത്തി യുള്ള പരിശ്രമത്തിന് ഒരിക്കലും നമ്മൾ കൂട്ടുനിന്നുകൂടാ.) ആരാണ് ചെറുകിട ക്കാരെന്ന് കണ്ടെത്തി അവരോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരി ക്കാൻ കഴിയുമോ എന്നാണ് ചോദിച്ചത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഇത് ഓരോ കേസ്സിന്റേയും മെറിറ്റ് അനുസരിച്ച് പ്രത്യേകിച്ച് തീരുമാനമെടുക്കേണ്ടി വരും. അത് സാവകാ ശത്തിൽ ചെയ്യേണ്ട ഒരു കാര്യമാണ്.

ശ്രീ. വി.കെ. ചന്ദ്രൻ : സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി ഭൂമി ശരി യാക്കുന്നതിനുവേണ്ടി ജണ്ട കെട്ടുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയി രുന്നു. നമ്മുടെ സംസ്ഥാനത്ത് സർക്കാർ ഭൂമികളിൽ എല്ലാ ഇനങ്ങളിലും ജണ്ട കെട്ടി കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : വനഭൂമിയിൽ ഏറെക്കുറെ ജണ്ട കെട്ടിക്കഴിഞ്ഞിട്ടുണ്ട്. അതു സംബന്ധിച്ച് പിന്നീട് വന്ന മാറ്റം നേരത്തേ ഞാൻ സൂചിപ്പിച്ചു. ഘടനയിൽ വന്ന മാറ്റം വനഭൂമിക്കകത്ത് പലർക്കും ലീസിന് കൊടുത്തിട്ടുണ്ട്, അവിടെ സ്ട്രക്ചറുകളുണ്ടായിട്ടുണ്ട്; കൊടുത്ത അളവിൽ കൂടുതൽ അവരുടെ കയ്യിൽ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങ ളാണ് ഇനി അളന്നു തിട്ടപ്പെടുത്തേണ്ടത്. നേരത്തെയുള്ളതനുസരിച്ച് ജണ്ട സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. വി.കെ. ചന്ദ്രൻ : കൂടുതൽ ജനങ്ങൾ അധിവസിക്കുന്ന മേഖലക ളിൽ വെസ്റ്റഡ് ഫോറസ്റ്റ് എന്നപേരിൽ ഇപ്പോൾ സർവ്വേ നടത്തി ആ സർവ്വേ നടത്തിയ ഭൂമിയിൽ അക്കേഷ്യപോലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചതിന്റെ ഫലമായി അവിടെ താമസിക്കുന്ന ആളുകൾക്കും തൊട്ടടുത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും അനാരോഗ്യകരമായിട്ടുള്ള ഒട്ടന വധി വൈഷമ്യങ്ങൾ, അസുഖങ്ങൾ, വരുന്നതായി ആരോഗ്യരംഗത്തെ വിച

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണൻമാർ വെളിപ്പെടുത്തിയിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : രേഖാമൂലമായി ഇപ്പോൾ പരാതികൾ കിട്ടിയിട്ടില്ലെങ്കിലും ഇങ്ങനെയുള്ള ചില ആക്ഷേപങ്ങൾ നിലവിലുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : സർ, വനമരങ്ങളുടെ സർവ്വേയാണ് ചോദ്യം. സർക്കാർ വനം കയ്യേറിയിരിക്കുന്ന വ്യക്തികളിൽനിന്നും സർവ്വേ നടത്തി ജണ്ട കെട്ടി വയ്ക്കുന്നതിലൂടെ ചെയ്യുന്ന നടപടി നല്ലതാണ്. പക്ഷേ അവിടെ നോക്കു സർവ്വേ എന്നതിന്റെ പേരിൽ അങ്ങയുടെ ശ്രദ്ധയിൽ മുൻപ് പറഞ്ഞിട്ടുള്ള കാര്യമാണ്. കേരളത്തിലെ ആദിവാസികൾ ജീവിക്കുന്ന പ്രദേശങ്ങളിൽ ഈ നോക്കു സർവ്വേയുടെ പേരിൽ വന്ന് സർവ്വേ നടത്തി, യഥാർത്ഥത്തിൽ വർഷങ്ങളായി ആദിവാസി സമൂഹം വച്ചനുഭവിക്കുന്ന വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ വനഭൂമിയോട് ചേർത്ത് ജണ്ട കെട്ടി അതുകൊണ്ട് ധാരാളം നഷ്ടങ്ങൾ കേരളത്തിലെ ആദിവാസി സമൂഹത്തിനുണ്ടായിട്ടുണ്ട്. വ്യാപകമായ പരാതി ഉണ്ടായിട്ടുണ്ട്. അതിനെക്കുറിച്ചുള്ള പരാതി ബന്ധപ്പെട്ട അധികാരികൾക്കോ, ബഹുമാനപ്പെട്ട മന്ത്രിക്കോ അവർ നൽകിയിരുന്നില്ല. ഇങ്ങനെ നോക്കു സർവ്വേയിലൂടെ ജണ്ട കെട്ടി ആദിവാസികളുടെ ഭൂമി വനത്തോടു ചേർത്തെടുത്ത ആ സംഭവത്തിൽ ധാരാളം പ്രതിക്ഷേധമുണ്ടായി. ആ പരാതിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട അംഗം തന്നെ ഇതൊരു സബ്മിഷനായി സഭയിലുന്നയിച്ചതാണ്. ആ പരാതിയെക്കുറിച്ച് അന്വേഷിച്ചുവരുന്നുണ്ട്. കൂടുതലായി അടിയന്തിരനടപടികൾ എന്തെങ്കിലും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ബോദ്ധ്യമുണ്ടെങ്കിൽ അന്നുതന്നെ ഞാൻ പറഞ്ഞതാണ്, ആ നടപടി കൂടുതൽ ത്വരിതപ്പെടുത്തുന്നതാണ്.

ശ്രീ. എൻ. കണ്ണൻ : വനപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികളുടെ ഭൂമിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട കാർത്തികേയൻ ഉന്നയിച്ചതാണ്. ആ ആദിവാസികളുടെ ഭൂമിക്ക് ഇതുവരെയും അവർ നിശ്ചയിച്ച ഒരു അതിരുണ്ട്. അവർക്ക് കൃത്യമായി അതിർ നിശ്ചയിക്കുന്നതിനുവേണ്ടി, അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള യാതൊരു സംവിധാനവും കഴിഞ്ഞ കാലത്ത് ഇല്ലായിരുന്നു. അങ്ങനെ ഇപ്പോൾ വനഭൂമി സർവ്വേ നടത്തുന്ന സമയത്ത് ഈ ആദിവാസികളുടെ ഭൂമിക്ക് അവർ നിശ്ചയിച്ച അതിരിൽ അളന്നു കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കുന്ന സമയത്ത് ആദിവാസികളും അതുപോലെതന്നെ ഫോറസ്റ്റുദ്യോഗസ്ഥൻമാരും തമ്മിൽ സംഘർഷം കേരള സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നു. ഇത് ഒഴിവാക്കുന്നതിനുവേണ്ടി ആദിവാസികൾക്ക് അനുകൂലമായ ഒരു തീരുമാനമെടുക്കുന്നതിനുവേണ്ടി ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ആദിവാസികളും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിനും ആദിവാസികളുടെ താൽപ്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്നതിനും എല്ലാ അർത്ഥത്തിലും ഗവൺമെന്റ് പരിശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : സ്വകാര്യവനം ദേശവൽക്കരിച്ച പ്പോൾ സ്വകാര്യ വന ഉടമകൾക്കും ഒരു നിശ്ചിത ഏക്കർ ഭൂമി പതിച്ചുകൊടു ക്കുമെന്നുള്ള വ്യവസ്ഥയുണ്ടായി. ആ വ്യവസ്ഥയനുസരിച്ച് ഒരുപാട് അപേ ക്ഷകൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. മിക്കവാറും തീരുമാനമായിട്ടില്ല, എന്നാണ് എന്റെ അറിവ്. അത് സംബന്ധിച്ച് തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അങ്ങനെയൊരു പ്രശ്ന ത്തെ സംബന്ധിച്ച് എനിയ്ക്കറിയില്ല. ഞാനത് പരിശോധിക്കാം.

ശ്രീ. സി.കെ. നാണു : സർവ്വേ നടത്തുന്ന അവസരത്തിൽ വനത്തിന്റെ വിസ്തീർണ്ണത്തിന്റെ മാത്രമാണോ, അതല്ല വനത്തിൽ പണ്ടുകാലത്തുണ്ടായി രുന്ന മരങ്ങൾ, മൃഗങ്ങൾ, ഇത്തരത്തിൽ വനമെന്നുള്ളതൊക്കെ, നമ്മൾ ഉദ്ദേശി ക്കുന്ന രൂപത്തിൽ ആ വന സമ്പത്തുകൾ മുഴുവൻ സംരക്ഷിക്കപ്പെടുന്നതായി ഈ സർവ്വേയിൽ പരിശോധിക്കുന്നുണ്ടോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഈ സർവ്വേ വനഭൂമി, നിക്ഷിപ്ത വനഭൂമി, അതുപോലെ സ്വകാര്യ വ്യക്തികൾക്ക് ലീസിനു കൊടു ത്തിട്ടുള്ള തോട്ടങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുള്ള തോട്ടങ്ങൾ, ആദിവാസി സെറ്റിൽമെന്റ് ഇവയൊക്കെ വേർതിരിക്കുന്നതിനുള്ള സർവേയാണ്. ജീവജാലങ്ങളുടെയും മരങ്ങളുടെയും സർവ്വേ വേറെ നടക്കും. അത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അല്ലാതെ നടത്തുന്നുണ്ട്. കാലാകാലങ്ങളിൽ നടത്താറുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : മലബാറിലെ നിക്ഷിപ്ത വനഭൂമിക്കുവേണ്ടി ഒരു വെസ്റ്റഡ് ഫോറസ്റ്റ് കമ്മിറ്റി - ശ്രീ. മാധവമേനോൻ ഐ.എ.എസ്. ചെയർമാനായി ഒരു കമ്മിറ്റി-ഉണ്ടായി. ആ കമ്മറ്റിയുടെ റിപ്പോർട്ടും നൽകിയി ട്ടുണ്ട്. ആ റിപ്പോർട്ടിൽ ആദിവാസികൾ ഫോറസ്റ്റിന്റെ അവിഭാജ്യ ഘടകമാ ണെന്നും അതുകൊണ്ട് അവർക്ക് ഭൂമി പതിച്ചു കൊടുക്കേണ്ടതില്ല, അവരു ടേത് തന്നെയാണ് എന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രത്യേ കമായി ഭൂമി പതിച്ചുകൊടുത്തിരുന്നില്ല. അതാണ് ബഹുമാനപ്പെട്ട കണ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് അവരുടേതാണ്. They are the part and parcel of the forest എന്നാണ് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ അങ്ങനെ തലമുറകളായി, നൂറ്റാണ്ടുകളായി ഈ ആദിവാസികൾ കൈവശം വച്ചുവരുന്ന ഭൂമിയിൽ ഇപ്പോൾ ഹരിജൻ വെൽഫയർ ഡിപ്പാർട്ട്മെന്റ് ഒരു വീടുവച്ചു കൊടുക്കുകയാണെങ്കിൽ പഴയവീട് പൊളിച്ച് ഒരു വീട് വച്ച് കൊടുക്കുന്നതു പോലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തടയുന്നു. എന്റെ നിയോജകമണ്ഡല ത്തിൽ പോലും അത്തരം അനുഭവങ്ങളുണ്ട്. അത് ഡി.ഡി.സി. പോലുള്ള കമ്മിറ്റികളിൽ ഉന്നയിക്കുകയും കളക്ടർ അതിനെക്കുറിച്ച് അന്വേഷിക്കുകയും ചെയ്ത സംഭവങ്ങൾവരെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ആദിവാസികളുടെ ഭൂമി ബഹുമാനപ്പെട്ട കണ്ണൻ പറഞ്ഞതുപോലെ തിരിച്ചുകൊടുക്കാനുള്ള നട പടി അടിയന്തിരമായി ഉണ്ടാകണം. അതുപോലെ അവർക്ക് വീടും ബാക്കി യുള്ള കാര്യങ്ങളും വച്ചു കൊടുക്കുന്നതു തടയാതിരിക്കാനുള്ള സ്പെസിഫി ക്കായ ഡയറക്ഷൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് നൽകാൻ തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : കാടിന്റെ കാര്യത്തിൽ എല്ലാ അവകാശങ്ങളും ആദിവാസികൾക്കുണ്ടെന്നുള്ള നിലപാട് തന്നെയാണുള്ളത്. നേരത്തെതന്നെ ഞാൻ ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മത്സ്യ ത്തൊഴിലാളികളുടെ സമ്പത്താണ് കടലെന്നുപറയുന്നതുപോലെ 'കാടെന്നുപ

LIBRARY ARCHIVES Kerala Legislative Assembly

റയുന്നത് ആദിവാസികളുടെ സമ്പത്താണ്' എന്നുള്ള സമീപനമാണ്. പക്ഷേ ഞാൻ മനസിലാക്കിയിട്ടുള്ളത് ശരിയാണെങ്കിൽ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടും നമ്മുടെ കാഴ്ചപ്പാടും തമ്മിൽ ചില പൊരുത്തക്കേടുകളുണ്ട്. ആ പൊരുത്തക്കേടുകൾകൊണ്ടുള്ള പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആ പൊരുത്തക്കേട് ഇല്ലാതാക്കി ആദിവാസികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കാൻ ഞാൻ പ്രത്യേകം ചർച്ചചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

3 (*257) തടിലേലം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടി ഡിപ്പോകളിൽനിന്നും തടികളും വനോൽപ്പന്നങ്ങളും ലേലം ചെയ്യുന്നതിനും ലേലം കൊള്ളുന്നതിനും ഉള്ള നിബന്ധനകളിൽ ഈയിടെ മാറ്റം വരുത്തുകയുണ്ടായോ;

(ബി) എങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്താണെന്നും അവ എന്നുമുതലാണ് പ്രാബല്യത്തിൽ വരുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഈ മാറ്റം വരുത്തിയതുമൂലം സംസ്ഥാനത്തെ ചെറുകിട ഇടത്തരം തടി വ്യാപാരികൾ വ്യാപാരം തുടരാനാവാതെ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചെറുകിട/ഇടത്തരം വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ലേല വ്യവസ്ഥകളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) മാറ്റം വരുത്തുകയുണ്ടായി.

(ബി) വരുത്തിയ മാറ്റങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.† പുതുക്കിയ ലേല നിബന്ധനകൾ 1999 ജനുവരി ഒന്നാം തീയതി മുതലാണ് പ്രാബല്യത്തിൽവരുത്തിയത്.

(സി)&(ഡി) 5.11.98-ലെ ഉത്തരവു പ്രകാരം ചുരുങ്ങിയ ലേല നിബന്ധനകൾ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് തടി വ്യാപാരികൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചതിനുശേഷം 4.3.99-ലെ സർക്കാർ ഉത്തരവുപ്രകാരം ലേല വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

4 (*271) വനംവകുപ്പു നടത്തുന്ന തടിലേലം

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly